"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബ്രശീ ദേശീയ സരസ് മേളയ്ക്ക് പെർമിറ്റ് ഫീസ്, പി പി ആർ ലൈസൻസ് ഫീസ് എന്നിവ ഒഴിവാക്കി നൽകിയും, മേളയിൽ ഉണ്ടാകുന്ന എല്ലാ മാലിന്യവും സംസ്കരിക്കുന്നതിനു കുടുംബശ്രീ മിഷനെ ചുമതലപ്പെടുത്തിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.523/2025/LSGD തീയതി,തിരുവനന്തപുരം, 21-02-2025

---

പരാമർശം:-

1. കുടുംബശ്രീമിഷൻ ആലപ്പുഴ ജില്ലാ കോർഡിനേറ്ററുടെ 16.01.2025 ലെ 2350/MKTG/2021/KSPA നമ്പർ കത്ത്
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 16.01.2025 ലെ LSGD/PD/1773/2025-REV4 നമ്പർ കത്ത്

**ഉത്തരവ്**

ചെങ്ങന്നൂർ മുനിസിപ്പൽ സ്റ്റേഡിയത്തിൽ 2025 ജനുവരി 18 മുതൽ 31 വരെ കുടുംബ്രശി ദേശീയ സരസ് മേള നടന്നു വരികയാണെന്നും പ്രസ്തുത മേളയെ പി.പി.ആർ ലൈസൻസ് ഫീസ്, സ്റ്റാളുകളുടെ ലൈസൻസ് ഫീസ്, വിനോദ നികുതി എന്നിവയിൽ നിന്നും ഒഴിവാക്കി നൽകണമെന്ന് കുടുംബശ്രീമിഷൻ ആലപ്പുഴ ജില്ലാ കോർഡിനേറ്റർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു. പ്രസ്തുത ഇളവുകൾ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സരസ് മേള സംഘടിപ്പിക്കുന്നത് തദ്ദേശ സ്വയംഭരണ വകുപ്പായതിനാൽ ഷെഡുകൾക്കുള്ള പെർമിറ്റ് ഫീസ് ഒഴിവാക്കി നൽകിയും, 1965 ലെ പ്ലെയിസസ് ഓഫ് പബ്ലിക് റിസോർട്സ് ചട്ടത്തിലെ ചട്ടം 28 പ്രകാരം പി പി ആർ ലൈസൻസ് ഫീസ് ഒഴിവാക്കി നൽകിയും, മേളയിൽ ഉണ്ടാവുന്ന എല്ലാ മാലിന്യവും സംസ്കരിക്കുന്നതിനു കുടംബശ്രീ മിഷനെ ചുമതലപ്പെടുത്തിയും, ഈ മേളയുമായി ബന്ധപ്പെട്ട വിനോദ നികുതിയിൽ ഇളവ് അനുവദിക്കേണ്ടതില്ലെന്നും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, ചെങ്ങന്നൂർ നഗരസഭ
ജില്ലാ കോർഡിനേറ്റർ, കുടുംബശ്രീ മിഷൻ, ആലപ്പുഴ
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ&ഇ /ഓഡിറ്റ് ), തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
തദ്ദേശ സ്വയംഭരണ (ഡിഡി/ഐഎ) വകുപ്പ് (ഈ വിഷയത്തിൽ ഇനിയുള്ളതും ആവിശ്യമായതുമായ തുടർ നടപടികൾ സ്വീകരിക്കുന്നതിന്)

Signed by
Pradeesh M.
Date: 21-02-2025 15:02:35

കരുതൽ ഫയൽ/ഓഫീസ് കോപ്പി (RC2/29/2025-LSGD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ